## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 932 01.03.2017 -ലെ മറുപടിയ്ക്ക്**

**അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | മാത്യു ടി. തോമസ് (ജല വിഭവ മന്ത്രി) |
| (എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് പരിസ്ഥിതി അനുമതി ലഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന ഗവൺമെന്റ് അപേക്ഷ നൽകിയിരുന്നോ; | (എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതിആഘാത പഠന പരിഗണനാവിഷയങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന് 5.3.2016 ൽ അപേക്ഷ നൽകിയിരുന്നു |
| ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (ബി) 2016 ആഗസ്റ്റ് 11, 12 തീയതി കളിൽ കൂടിയ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതിയാഘാതപഠനത്തിന്റെ പരിഗണനാവിഷയങ്ങൾ (Terms of Reference) അംഗീകരിക്കാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും കേന്ദ്രപരിസ്ഥിതി മന്ത്രാലയം ജോയിന്റ് സെക്രട്ടറിയുടെ 10.10.2016 ലെ അ.ഔ. കത്ത് No. J-12011/10/2016-IA-I (R)പ്രകാരം, ഈ പ്രോജക്റ്റ് കാവേരി നദീതടത്തിൽ ആയതിനാലും കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണലിന്റെ വിധിക്കെതിരെ കേരളം, തമിഴ്നാട്, കർണ്ണാടക സർക്കാരുകൾ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത സാഹചര്യത്തിലും തമിഴ്നാട് സർക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാവിഷയങ്ങൾ അംഗീകരിച്ച് ഉത്തരവാക്കേണ്ട എന്ന് തീരുമാനിച്ചതായി അറിയിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ചീഫ് സെക്രട്ടറി 26.11.2016 ലെ 507038/ISWC2/16/WRD നം. കത്ത് പ്രകാരം കേന്ദ്രവനം -പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിക്കും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും വ്യക്തമാക്കി പദ്ധതിക്കനുകൂലമായ സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് ചീഫ് സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത അനുമതി ലഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ? | (സി) കാവേരി നദീജല ട്രിബ്യൂണലിന്റെ 05.02.07 ലെ അന്തിമ ഉത്തരവിനെതിരെ കർണ്ണാടക, കേരള, തമിഴ് നാട് സർക്കാരുകൾ യഥാക്രമം 2453/07, 2454/07, 2456/07 നംപർ സിവിൽ അപ്പീലുകൾ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സാഹചര്യത്തിലും 09.12.2016 ലെ ഉത്തരവുപ്രകാരം പ്രസ്തുത അപ്പീലുകൾ നിലനിൽക്കുന്നതാണ് എന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത സിവിൽ അപ്പീലുകൾ തീർപ്പാക്കുന്നതുവരെ കാത്തിരിക്കുന്നതാണ് ശരിയായ നടപടി എന്നും ട്രിബ്യൂണൽ അവാർഡ് ഫലപ്രദമായി നടപ്പാക്കുന്നതിനായി ഒരു സ്ഥിരം മേൽനോട്ട സംവിധാനം ഉണ്ടാകുന്നതുവരെ കാവേരിതടത്തിൽ ഒരു പദ്ധതികളും നടപ്പാക്കരുത് എന്നുള്ളതുമാണ് തമിഴ്നാടിന്റെ പ്രധാന വാദമുഖങ്ങൾ. പദ്ധതി നടപ്പാക്കുന്നതിനായി പദ്ധതിക്കനുകൂലമായ കേരളത്തിന്റെ എല്ലാ വാദങ്ങളും കാവേരി ട്രിബ്യൂണൽ അവാർഡ് നടപ്പാക്കാനായി രൂപീകരിച്ച സൂപ്പർവൈസറി കമ്മറ്റിയെ ബോധിപ്പിച്ചും മറ്റു നിയമപരമായ മാർഗ്ഗങ്ങളിലൂടെയും സർക്കാർ പരമാവധി ശ്രമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ